DESPATCHED
On. 16/3/23...

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം


പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920

Email:- sic.ker@nic.in


## ഹർജി നമ്പർ AP.No.1852(5)/2020/SIC

## തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 7971/SIC-G7/2020

സന്നിഹിത

ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി :. 30.01.2023

ശ്രീ. ജോയ് ടി.,
ബഥേൽ മന്ദിരം, ചെമ്പൂർ,
ഒറ്റശേഖരമംഗലം പി.ഒ.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   ജില്ലാ പോലീസ് ഓഫീസ്,
   തിരുവനന്തപുരം റൂറൽ.

2. അപ്പീൽ അധികാരി,
   ജില്ലാ പോലീസ് ഓഫീസ്,
   തിരുവനന്തപുരം റൂറൽ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 24.01.2020 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 22.02.2020 |
| ഒന്നാം അപ്പീൽ | 02.03.2020 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 20.04.2020 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 03.07.2020 |
| ഹിയറിംഗ് തീയതി. | 29.11.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, ശ്രീ.രാജേന്ദ്രൻ GSI T 8729 സേനയിൽ പ്രവേശിച്ച നാൾ മുതലുള്ള പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റിന്റെ രേഖകൾ ലഭ്യമാക്കുക, പ്രതിമാസ ശമ്പളത്തിന്റെ രേഖകളും പെൻഷൻ തുക മുഴുവനും കൈപ്പറ്റിയതിന്റെ രേഖകളും ലഭ്യമാക്കുക എന്നായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. പ്രസ്തുത അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ

ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരനും ഹാജരായിരുന്നു.

2. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കാത്തതിനാലാണ് അപ്പീൽ സമർപ്പിച്ചതെന്നും വിവരം ലഭ്യമാക്കാതെ വിവരാവകാശ ലംഘനം നടത്തിയ അധികാരികൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. അപ്പീൽ ഹർജിക്കാരൻ ഒന്നാമത്തെ ചോദ്യത്തിൽ ഉന്നയിച്ചിരുന്ന GSI T 8729 ന്റെ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സംബന്ധിച്ച വിവരം തികച്ചും വ്യക്തിപരമായ വിവരങ്ങൾ ആയതിനാൽ വിവരാവകാശ നിയമം വകുപ്പ് 8(1)(ജെ) പ്രകാരം വെളിപ്പെടുത്താൻ നിർവ്വാഹമില്ലെന്നും രണ്ടാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ട പ്രതിമാസ ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് 27 പേജ് ലഭിക്കുന്നതിന് 54 രൂപ ഒടുക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് 22.02.2020 തീയതിയായി മറുപടി നൽകിയിട്ടുണ്ടെന്നും വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ലെന്ന് ആരോപിച്ചുകൊണ്ട് സമർപ്പിച്ച അപ്പീലിന്മേൽ എസ്.പി.ഐ.ഒ. യുടെ മറുപടി ശരിവച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നും ടിയാന്റെ ശമ്പളത്തിന്റെ വിവരങ്ങൾ നിശ്ചിത ഫീസ് സർക്കാരിൽ ഒടുക്കി പകർപ്പുകൾ കൈപ്പറ്റാവുന്നതാണെന്നും ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ ടിയാൻ കൈപ്പറ്റിയത് സംബന്ധിച്ച് വിവരങ്ങൾ/രേഖകൾ നൽകുവാൻ നിർവ്വാഹമില്ലെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരശോധിച്ചു. വിവരാവകാശ അപേക്ഷയിന്മേൽ ഹർജിക്കാരൻ ആവശ്യപ്പെട്ടിരുന്നത് 3 കാര്യങ്ങൾ ആയിരുന്നു. പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് ഒരു വ്യക്തി സർക്കാരിൽ ഓരോ വർഷവും സമർപ്പിക്കുന്ന എന്തെങ്കിലും ആരോപണം വന്നാൽ മാത്രം സർക്കാർ അത് പരിശോധിക്കും

അങ്ങനെയുണ്ടെങ്കിൽ അത്തരത്തിൽ പരാതി നൽകേണ്ടതാണെന്ന് അപ്പീൽവാദിക്ക് നിർദ്ദേശം നൽകുന്നു. 2,3 ചോദ്യങ്ങളിൽ ആവശ്യപ്പെട്ട വിവരവും ഹർജിക്കാരന് ലഭ്യമായില്ലെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ടിയാൻ ആവശ്യപ്പെട്ടവയ്ക്ക് പകർപ്പും വിവരവും ടിയാന് ലഭ്യമാക്കേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ കമ്മീഷൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ എസ്.പി.ഐ.ഒ. യ്ക്ക് നൽകുന്നു.

i. ശ്രീ.രാജേന്ദ്രൻ സി.എച്ച്.സി.8729 എന്ന പോലീസ് ഉദ്യോഗസ്ഥൻ സേനയിൽ പ്രവേശിച്ച 15.08.2017 മുതൽ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്ന കാലയളവ് വരെ അതായത് 22.02.2020 വരെയുള്ള ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ഹർജിക്കാരന് നൽകുക.

ii. മൂന്നാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ/ പകർപ്പുകൾ എന്നിവ ബന്ധപ്പെട്ട അധികാര സ്ഥാനത്ത് നിന്ന് ട്രഷറി ശേഖരിച്ച് ഹർജിക്കാരന് നൽകേണ്ടതാണ്.

ഈ ഉത്തരവ് കൈപ്പറ്റി 10 ദിവസത്തിനുള്ളിൽ മേൽ നിർദ്ദേശങ്ങൾ നടപ്പിലാക്കി രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി മാസം 30-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി